DISTRIBUIOTN OF PURE WATER IN COASTAL AREAS

204. (249) മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ശവമെന്തെങ്കിലും സദയം മറുപടി പറയുമോ.—

(എ) തീരപ്രദേശങ്ങളിലേക്ക് ശുദ്ധജലവിതരണ പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ് ഇപ്പോൾ തുടങ്ങിട്ടുള്ളത്;

(ബി) മുളവുകാട്, മൂലമ്പിള്ളി, പിഴല, കോതാട്, കടമക്കുടി ഈ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനു വളരെ പരാതികൾ ശവമെന്തെങ്കിലും കിട്ടുന്നുണ്ടോ; ഈ കാര്യത്തിൽ എന്തു നടപടി എടുക്കുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) വൈപ്പിൻ മുതൽ തെക്കെ മാലിപ്പുറം വരെയും പനമ്പുകാട് വല്ലാർപാടം എന്നീ സ്ഥലങ്ങളിലും ശുദ്ധജലവിതരണം ചെയ്യുവാൻ വേണ്ടനടപടികൾ എടുത്തുവരുന്നു.

(ബി) ഉവ്വ്. എന്നാൽ ഈ പ്രദേശങ്ങളിലേക്ക് ശുദ്ധജലവിതരണം ചെയ്യുന്നതിനു് ഇപ്പോൾ നടപടികൾ ഒന്നും എടുക്കുന്നില്ല. ബാക്കി കടലോരപ്രദേശങ്ങളിലേക്ക് ജലവിതരണം നടത്തുന്നതു് എൽ. സി. ടി. മുഖേനയാണു്. ഈ പ്രദേശങ്ങളിലേക്ക് ടി പദ്ധതി ഉടനെയാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ഈ പ്രദേശങ്ങളെ ചുറ്റിക്കിടക്കുന്ന കായലിൽ എൽ. സി. ടി. കൊണ്ടുപോയി അടുക്കുവാൻ വേണ്ടത്ര വെള്ളം ഇല്ല.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: തീരപ്രദേശങ്ങളിലേക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനു് ഇനി എന്താണു് വഴിയുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: തീരപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുവാനുള്ള നമ്മുടെ പദ്ധതി പൂർത്തിയാകുമ്പോൾ അവിടെയും വെള്ളം കൊടുക്കുവാൻ സാധിക്കും.

മിസ്റ്റർ എം. ഐ. പോൾ: എൽ. സി. ടി. (L. C. T.) മുഖേന വെള്ളം വിതരണം ചെയ്യുവാൻ സാധിക്കാത്ത ഭാഗങ്ങളിൽ വള്ളം ഉപയോഗിച്ചു് ശുദ്ധജലം വിതരണംചെയ്യുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ആലോചിക്കാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ചെല്ലാനം മുതലായ തീരപ്രദേശങ്ങളിലേക്ക് ശരിക്ക് വെള്ളം കിട്ടാത്തതു് എന്തുകൊണ്ടാണെന്നു് പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ ഭാഗത്തേക്ക് പൈപ്പു് ഇട്ടിട്ടുണ്ടു്. എന്നാൽ തെക്കെ അറ്റത്തേക്കുമാത്രമേ വെള്ളം കിട്ടുവാൻ കുറവു് വിഷമമുള്ളു. പ്രഷർ (Pressure) കുറവുകൊണ്ടാണു് അങ്ങിനെ സംഭവിക്കുന്നതു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: തെക്കെഅറ്റത്തേക്കു് പൈപ്പു ഇതേവരെ എത്തിയിട്ടില്ല. അതിനെപറ്റി ഒന്നു് ശ്രദ്ധിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ. പൈപ്പു് എത്താത്തസ്ഥലം ഉണ്ടെങ്കിൽ അവിടേക്കു് പൈപ്പു് ഇടുവാൻ നോക്കാം.

മിസ്റ്റർ ഗാസ്പർ ഡിസിൽവ: ഈ കൊല്ലമെങ്കിലും മുളവുകാട്ടേക്കു് ശുദ്ധജലം തരുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

APPOINTMENTS, PROMOTIONS AND CONFIRMATIONS—CLAIMS OVERLOOKED—INFORMATIONS REGARDING

205. (93) **Mr. V. K. Joseph** *(Alur):* Will Government be pleased to state whether any concrete instance of illegal or incompetent appointments, promotions or confirmations said to have been made by the former Ministry, overlooking the claims of any, has come to the notice of the Government?

Mr. C. A. Ouseph *(Minister For Education and Public Health):* There have been no illegal or incompetent appointments, promotions or confirmations. From time to time complaints come in regarding promotions and confirmations. Such matters are looked into and corrected if found necessary.

Mr. P. K. Dewer *(Labour):* May I know whether it is not an inviolable rule that all appointments shall be made on the recommendation of the Public Service Commission?

Mr. C. A. Ouseph *(Minister for Education and Public Health):* Is it only with regard to appointments or promotions.

Mr P. K. Dewer (*Labour*): I am asking about appointments.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Ouseph (*Minister for Education and Public Health*): It ought to be on their recommendations.

Mr. P. K. Dewer (*Labour*): May I take it that all appointments made without their recommendations are illegal appointments?

Mr. C. A. Ouseph (*Minister for Education and Public Health*): The appointments are not illegal on that account. The Public Service Commission is only a consultative body and they can only recommend. But their recommendations need not necessarily be accepted.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇങ്ങിനെ ഉദ്യോഗങ്ങൾ കൊടുത്തിട്ടുള്ളതിൽ ഏതേതു കായ്ങ്ങളിലാണ് റക്കമെണ്ടേഷൻ (Recommendation) സ്വീകരിക്കുക എന്നുള്ളതിന്നു പ്രത്യേക വല്ല നിയമങ്ങളും ഉണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: പ്രത്യേക നിയമമൊന്നും ഉണ്ടാക്കീട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇങ്ങിനെയുള്ള കായ്ങ്ങളിൽ റക്കമെണ്ടേഷൻ (Recommendation) തള്ളിക്കളയുവാൻ പാടില്ലെന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: എതു റക്കമെണ്ടേഷനായാലും, ഇങ്ങിനെയുള്ള കായ്ങ്ങളും ഒക്കെ വളരെ ആലോചിച്ചു് പ്രവൃത്തിക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ കായ്ത്തിൽ ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ള നയം ഇല്ലീഗൽ (Illegal) ആണെന്നു് അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവമ്മെണ്ടിന്നു് അങ്ങിനെ ചെയ്യുവാൻ പാടില്ലെന്നു് തടസ്ഥമില്ല.

മിസ്റ്റർ എം. ഐ. പോൾ: പ്രമോഷൻ(Promotion),കൺഫർമേഷൻ.(Confirmation) എന്നീകായ്ങ്ങളിൽ ഏതെങ്കിലും ഒരുത്തന്റെ ക്ലെയിം (Claim) ഓവർ ലുക്കു് (Overlook) ചെയ്തിട്ടുള്ളതായ ആവലാതി വന്നാൽ ഗവമ്മെണ്ടു് അതിനെപ്പറ്റി അന്വേഷിച്ചു് ഒരു തീരുമാനം ഏതെങ്കിലും ഒരു മന്ത്രിസഭയുടെ കാലത്തു് ചെയ്താൽ ആ തീരുമാനത്തിനു് എതിരായിട്ടു് വേറെ ഒരു മന്ത്രിസഭ ചെയ്യുക പതിവുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതൊന്നും നോക്കാൻ തരമില്ല. മന്ത്രിമാരുടെ തീരുമാനം വാസ്തവത്തിൽ ആദരിക്കേണ്ടതാണു്.

മിസ്റ്റർ എ. കെ. ജോജ്ജു്: ഇതിൽ പറയുന്ന കംപ്ലെയിൻറിന്നു് (Complaint) ഇടയായിട്ടുള്ള ആളുകളുടെ ലിസ്റ്റു് പ്രത്യേകം എടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

Mr. A. K. George (*Kattur*): Can you just point out one or two instances?

Mr C. A. Ouseph (*Minister for Education and Public Health*): I want notice.

Mr. P. K. Dewer (*Labour*): "Such matters are looked into and corrected if found necessary", ഈ മാതിരി എതു കംപ്ലെയിൻറ്സു് കിട്ടിയിട്ടുണ്ടെന്നു പറയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് അറിഞ്ഞുകൂടാ; ചിലതു് കിട്ടിയിട്ടുണ്ടെന്നു് അറിയാം.

മിസ്റ്റർ പി. കെ ഡീവർ: പത്തൊ, പതിനാലൊ മാസത്തെ കായ്യം മാത്രമാണു് ഇവിടെ പറഞ്ഞിട്ടുള്ളതു്. ഈ പതിനാലു് മാസത്തിന്നുള്ളിൽ അനവധി നിയമങ്ങൾ ഉണ്ടായിട്ടില്ലെ; അതിൽ ആരൊക്കെ ഉൾപ്പെട്ടു എന്നു് പറയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഒന്നാമതായിട്ടു് ഇങ്ങിനെയുള്ള ആളുകളുടെ വിവരം അറിയുവാൻ പ്രീവിയസ് കൊസ്റ്റ്യൻ (Previous question) വന്നിട്ടില്ല. പിന്നെ ഓരോ കായ്ത്തിലും ഇല്ലീഗൽ (Illegal) ആയി പ്രവർത്തിച്ചിട്ടുള്ളതു് പ്രത്യേകം നോക്കേണ്ടതുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇവരുടെ ആവലാതികൾ കേട്ടു് വല്ലതും തീരുമാനിച്ചിട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ്സു് വേണം.

മിസ്റ്റർ എ. കെ. ജോജ്ജു്: ഇതിൽ എതെങ്കിലും ഒന്നു് സ്വീകരിച്ചിട്ടുണ്ടെന്നു് പറയുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടെന്നു പറയാം.

LIBRARY ARCHIVES Kerala Legislative Assembly